**KOLLAM CITY POLICE**
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 06/08/ 2021

# വീട്ടിൽ കയറി വീട്ടമ്മയെ ആക്രമിച്ച പ്രതികൾ അറസ്റ്റിൽ

കൊല്ലം : നിരന്തരം ശല്ല്യം ചെയ്തതിന് പരാതി നൽകിയ വീട്ടമ്മയെ വീട്ടിൽ കയറി മാനഹാനി വരുത്തിയവർ പോലീസ് പിടിയിലായി. കിളികൊല്ലൂർ ചാത്തിനാംകുളം സ്വദേശിനിയെ നിരന്തരം പിൻതുടർന്ന് ശല്ല്യം ചെയ്തതിനെ തുടർന്നാണ് ഇവർ പോലീസിൽ പരാതി നൽകിയത്. പോലീസ് സ്റ്റേഷനിൽ നിന്നും വീട്ടിലെത്തിയ വീട്ടമ്മയെ അയൽവാസികളായ പ്രതികൾ വീട്ടിൽ കയറി ആക്രമിക്കുകയും മാനഹാനി വരുത്തുകയുമായിരുന്നു. തുടർന്ന് സ്ഥലത്ത് നിന്നും മാറിയെ പ്രതികളെ പോലീസ് പിടികൂടുകയായിരുന്നു. ചാത്തിനാംകുളം സ്വദേശികളായ തറവിള വീട്ടിൽ കബീർ മകൻ സിദ്ധിക്ക് (32), വയലിൽ പുത്തൻവീട്ടിൽ ബഷീർ മകൻ നൗഷാദ് (34) എന്നിവരാണ് പോലീസ് പിടിയിലായത്. പ്രതികളെ റിമാന്റ് ചെയ്തു. കിളികൊല്ലൂർ ഇൻസ്പെക്ടറുടെ ചുമതലയുള്ള സൈബർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എച്ച്. മുഹമ്മദ്ഖാൻ, എസ്സ്.ഐമാരായ ശ്രീനാഥ്, സന്തോഷ്, സി.പി.ഓ മാരായ ഷാജി, അനീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. ഇവരെ റിമാന്റ് ചെയ്തു.

# പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചയാൾ പോസ്കോ പ്രകാരം അറസ്റ്റിൽ

കൊല്ലം : പ്രായപൂർത്തിയാകാത്ത പെൺകൂട്ടിയെലൈംഗീകമായി പീഡിപ്പിക്കാൻ ശ്രമിച്ചയാൾ പോസ്കോ പ്രകാരം അറസ്റ്റിലായി. കല്ലുവാതുക്കൽ ഇടവട്ടം ചരുവിള വീട്ടിൽ രാമൻ മകൻ രാജേന്ദ്രനാണ് പോലീസ് പിടിയിലായത്. പെൺകുട്ടിയുടെ ബന്ധുവായ ഇയാൾ കഴിഞ്ഞ ഒരു വർഷമായി പെൺകുട്ടിയോട് ലൈംഗീക ഉദ്ദേശത്തോടെ അടുത്തിടപഴകുകയാ

യിരുന്നു. പെൺകുട്ടി കോടതി മുമ്പാകെ 164 സി.ആർ.പി.സി പ്രകാരം നൽകിയ മൊഴി യുടെ അടിസ്ഥാനത്തിലാണ് ബന്ധുവായ ഇയാൾ ക്കെതിരെ കേസ് എടുത്തത്. മാനഭംഗപ്പെടുത്തൽ, ബാല നീതി നിയമം കൂടാതെ


രാജേന്ദ്രൻ

പോക്സോ പ്രകാരമുള്ള വകുപ്പുകൾ ചേർത്ത് റിമാന്റ് ചെയ്തു. പാരിപ്പള്ളി ഇൻസ്പെക്ടർ, എസ്സ്.ഐ അനീസ, എ.എ സ്സ്.ഐ ബിജു, സി.പി.ഓ ദീപ ക്ദാസ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂ ടിയത്.

## ബിയർ കുപ്പി കൊണ്ട് കുത്തി കൊലപ്പെടുത്താൻ ശ്രമം- രണ്ടാമനും പോലീസ് പിടിയിലായി

കൊല്ലം : മദ്യപിച്ചത് ചോദ്യം ചെയ്ത വർക്ക്ഷോപ്പ് മേശിരിയെ കുത്തി കൊല പ്പെടുത്താൻ ശ്രമിച്ചയാളുടെ കൂട്ടാളിയും പോലീസ് പിടിയിലായി. 03.08.2021


ഷാനവാസ്

വൈകുന്നേരം കൊച്ചുപിലാംമ്മൂടിന് സമീപമുള്ള വർക്ക്ഷോപ്പിന് മുന്നിലി രുന്ന മദ്യപിച്ചത് ചോദ്യം ചെയ്ത വാർക്ക്ഷോപ്പ് ഉടമ തമ്പിയെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച സംഘ ത്തിലെ രണ്ടാമനും കൊല്ലം ഈസ്റ്റ് പോലീസിന്റെ പിടിയിലായി. കൊല്ലം മുണ്ടക്കൽ വില്ലേജിൽ ഉദയമാർത്താ ണ്ഡപുരം ചേരിയിൽ ബീച്ച് നഗർ - 58 ൽ ഷാജഹാൻ മകൻ ഷാനവാസിനെയാ ണ്(36) അറസ്റ്റ് ചെയ്തത്. ഇയാളും പൊരുമ്പുഴ സ്വദേശിയായ ബിജുവും ഒരുമിച്ചിരുന്ന് മദ്യപിക്കുന്നത് കണ്ട് ചോദ്യം ചെയ്ത പ്രകോപനത്തിലാണ് കൈവശമിരുന്ന ബിയർ കുപ്പി കൊണ്ട് തലയ്ക്ക് അടിച്ച് പൊട്ടിച്ച് വയറ്റിൽ കുത്തുകയായിരുന്നു. ഗുരുതരമായി പരി ക്കേറ്റ തമ്പി തിരുവനന്തപുരം മെഡി

ക്കൽ കോളേജിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. സംഭവ ദിവസം സ്ഥലത്തിന് സമീപത്ത് കുറ്റിക്കാട്ടിൽ ഒളിച്ചിരുന്ന ബിജുവിനെ അന്ന് തന്നെ അറസ്റ്റ് ചെയ്തിരുന്നു. സംഭവത്തിന് ശേഷം കാസർഗോഡിന് ഒളിച്ച് കടന്ന ഷാനവാസിനെ അവിടെ നിന്നും പിടികൂടുകയായിരുന്നു. കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ആർ. രതീഷ്, എസ്സ്.ഐ ദിൽജിത്ത്, സിപിഒമാരായ സുനിൽ, രമേശ്, അനിൽകുമാർ എന്നിവരടങ്ങിയ സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഇയാളെ റിമാന്റ് ചെയ്തു

## കോവിഡ് മാനദണ്ഡം ലംഘിച്ച് വിവാഹം, വധൂ പിതാവ് അറസ്റ്റിൽ – 1944 പേർക്കെതിരെ നടപടിയെടുത്ത് കൊല്ലം സിറ്റി പോലീസ്

### ക്വാറന്റൈൻ ലംഘിച്ച 24 പേരെയടക്കം 147 പേരെ അറസ്റ്റ് ചെയ്തു, 101 വാഹനങ്ങൾ പിടിച്ചെടുത്തു, 22 സ്ഥാപനങ്ങൾ അടച്ച് പൂട്ടി – 11908 പേരെ താക്കീത് ചെയ്തു

കൊല്ലം : കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് ആൾക്കൂട്ട വിവാഹം നടത്താൻ ശ്രമിച്ച വധൂ പിതാവ് അറസ്റ്റിലായി. കൊല്ലം അമ്മച്ചിവീട് ജംഗ്ഷനടുത്തുള്ള പ്രമുഖ ആഡിറ്റോറിത്തിലാണ് വിവാഹം നടത്താൻ ശ്രമിച്ചത് പോലീസ് ഇടപെട്ട് തടഞ്ഞത്. ആഡിറ്റോറിയത്തിലേക്ക് ക്രമത്തിലധികം ആളുകൾ വരുന്നത് ശ്രദ്ധയിൽപ്പെട്ട് കൊല്ലം വെസ്റ്റ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് നടത്തിയ പരിശോധനയിലാണ് അനുവദനീയമായതിൽ അധികം ആളുകൾ വിവാഹത്തിൽ പങ്കെടുക്കുന്നതായി കണ്ട് അവരെ പിരിച്ച് വിടുകയും വധൂ പിതാവിനെ അറസ്റ്റ് ചെയ്യുകയുമായിരുന്നു. പള്ളിത്തോട്ടം ജോനകപ്പുറം ജെ.ബി നഗർ ഹസീന മൻസിലിൽ ബദറുദ്ദീൻ മകൻ സുധീർ (54) ആണ് അറസ്റ്റിലായത്. വിവാഹത്തിന് വന്ന ആൾക്കാരെ പോലീസ് താക്കീത് ചെയ്ത് പിരിച്ചയച്ചു. ഇൻഡ്യൻ ശിക്ഷാ നിയത്തിലെയും ദുരന്തനിവാരണ നിയമം കേരള പകർച്ചവ്യാധി പ്രതിരോധ നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്.

കോവിഡ് പകർച്ചവ്യാധി പ്രതിരോധ നടപടികളുടെ ഭാഗമായി കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ മാനദണ്ഡങ്ങൾ ലംഘിച്ച 101 വാഹനങ്ങൾ പിടിച്ചെടുക്കുകയും 22 സ്ഥാപനങ്ങൾ അടച്ച് പൂട്ടുകയും ചെയ്തു. കോവിഡ് നിയന്ത്രണം ലംഘിച്ച 147 പേരെ അറസ്റ്റ് ചെയ്യുകയും ശരിയായ വിധം മാസ്ക്ക് ധരിക്കാതിരുന്ന 930 പേർക്കെതിരേയും സാമൂഹിക അകലം പാലിക്കാതിരുന്ന 867 പേർക്കെതിരെയും നടപടി സ്വീകരിച്ചതായും 11908 പേരെ താക്കീത് ചെയ്യ്തതായും സിറ്റി പോലീസ് അറിയിച്ചു.